**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1766** **29-09-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കൃഷി വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കൃഷി വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദ വിവരം **അനുബന്ധം 1** ആയി ചേർക്കുന്നു.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര പഞ്ചായത്തിൽ 276 ഹെക്ടറിലും താമരക്കുളം പഞ്ചായത്തിൽ 63 ഹെക്ടറിലും വിശദ മണ്ണ് പര്യവേക്ഷണ പുനർനിർണയം നടത്തിയിട്ടുണ്ട്;<br><br>പ്രശ്ന ബാധിത മണ്ണിനങ്ങളുടെ പഠനത്തിന്റെ ഭാഗമായി ഓണാട്ടുകര ഭൂപ്രദേശങ്ങളിൽ ഉൾപ്പെടുന്ന ചുനക്കര, വള്ളികുന്നം, നൂറനാട്, തെക്കേക്കര, താമരക്കുളം, തഴക്കര, പാലമേൽ തുടങ്ങിയ പഞ്ചായത്തുകളുടെയും മാവേലിക്കര മുനിസിപ്പാലിറ്റിയുടെയും പ്രശ്ന ബാധിത മണ്ണിനങ്ങളുടെ മാപ്പുകൾ തയ്യാറാക്കി പ്രസിദ്ധികരിച്ചിട്ടുണ്ട്. കൂടാതെ ചുനക്കര , വള്ളികുന്നം, നൂറനാട്, താമരക്കുളം, മാവേലിക്കര തെക്കേക്കര പഞ്ചായത്തുകളുടെ പഞ്ചായത്തു തല മണ്ണ് -ഭൂവിഭവ റിപ്പോർട്ടുകൾ പ്രസിദ്ധികരിച്ചു. |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെ ഹണി പാർക്കിൽ 2021-22 മുതൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ തൽസ്ഥിതിയും വ്യക്തമാക്കാമോ? | (ബി) | മാവേലിക്കര തഴക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെ തേനീച്ച വളർത്തൽ കേന്ദ്രം വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ.<br><br>**2021-22 സാമ്പത്തിക വർഷം**<br><br>1. സംസ്ഥാന സർക്കാർ സാമ്പത്തിക സഹായത്തോടെ തേൻ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള മൊബൈൽ പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും, ചെറുതേനീച്ച കോളനികൾ സബ്സിഡി വ്യവസ്ഥയിൽ വിതരണം |

ചെയ്യുന്നതിനുമായി 25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ 14 ജില്ലകളിലായി 60 പരിശീലനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഏകദേശം 2400 ഗുണഭോക്താക്കൾക്ക് പരിശീലനങ്ങൾ നൽകിയിട്ടുമുണ്ട്.

3. പരിശീലനം പൂർത്തിയാക്കിയ കർഷകർക്ക് സംസ്ഥാന ഹേർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ 40% സബ്സിഡി വ്യവസ്ഥയിൽ 6000 തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനായി 68 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ടി പദ്ധതികൾ എല്ലാം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

**<u>2022-23 സാമ്പത്തിക വർഷം</u>**

1. സംസ്ഥാന സർക്കാർ സാമ്പത്തിക സഹായത്തോടെ തേനീച്ച വളർത്തൽ പരിശീലനത്തിനായി എത്തുന്ന ഗുണഭോക്താക്കൾക്ക് താമസിക്കുന്നതിനായി ട്രെയിനീസ് ഹോസ്റ്റൽ നിർമ്മാണത്തിനും, സബ്സിഡി വ്യവസ്ഥയിൽ ചെറുതേനീച്ച കോളനികൾ വിതരണം ചെയ്യുന്നതിനുമായി 70.5 ലക്ഷം രൂപയുടെ പദ്ധതികൾ ഈ കേന്ദ്രം വഴി നടപ്പിലാക്കിയിട്ടുണ്ട്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തിലെതെരഞ്ഞെടുത്തിരിക്കുന്ന ബ്ലോക്കു പഞ്ചായത്തുകളിലായി 50 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഏകദേശം 1500 ഗുണഭോക്താക്കൾക്ക് പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

3. പരിശീലനം പൂർത്തിയാക്കിയ കർഷകർക്ക് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ 40% സബ്സിഡി വ്യവസ്ഥയിൽ 6856 തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

4. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 6 പരിശീലനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 25 പേരടങ്ങുന്ന ഗുണഭോക്താക്കൾക്ക് ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം സംഘടിപ്പിക്കുന്നതിനായി 10.5 ലക്ഷം

രൂപ അനുവദിച്ചിരുന്നു. പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

ഹോസ്റ്റൽ നിർമ്മാണം ഒഴികെയുള്ള പദ്ധതികൾ എല്ലാം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തി ഏകദേശം 80% പൂർത്തിയാക്കിയിട്ടുമുണ്ട്.

**<u>2023-24 സാമ്പത്തിക വർഷം</u>**

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ 50 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. 1500 ഗുണഭോക്താക്കൾക്ക് പരിശീലനങ്ങൾ നൽകിയിട്ടുമുണ്ട്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ 40% സബ്സിഡി വ്യവസ്ഥയിൽ 7428 തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനായി 49.90 ലക്ഷം രൂപയുടെ പദ്ധതി ഈ കേന്ദ്രം നടപ്പിലാക്കിയിട്ടുണ്ട്.

3. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 2 പരിശീലനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 25 പേരടങ്ങുന്ന ഗുണഭോക്താക്കൾക്ക് ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം സംഘടിപ്പിക്കുന്നതിനായി 3.5 ലക്ഷം രൂപ അനുവദിച്ചിരുന്നു.

ടി പദ്ധതികൾ എല്ലാം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

**<u>2024-25 സാമ്പത്തിക വർഷം</u>**

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ 50 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. സംസ്ഥാനത്തിലെ തെരഞ്ഞെടുത്തിരിക്കുന്ന 50 ബ്ലോക്ക പഞ്ചായത്തുകളിലായി 1500 ഗുണഭോക്താക്കൾക്ക് പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ 40% സബ്സിഡി വ്യവസ്ഥയിൽ 6000 തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനായി 46.77 ലക്ഷം രൂപ അനുവദിച്ചിരുന്നു.

| | | | |
|---|---|---|---|
| | | | തേനീച്ച വളർത്തൽ പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കോളനികളും അനുബന്ധ ഉപകരണങ്ങളും വിതരണം പുരോഗമിക്കുന്നു.<br><br>**<u>2025-26 സാമ്പത്തിക വർഷം</u>**<br><br>നാഷണൽ ബീ കീപ്പിംഗ് ഹണി മിഷന്റെ സാമ്പത്തിക സഹായത്തോടെ തേൻ ടെസ്റ്റ് ചെയ്യുന്നതിനായി ഇൻഹൗസ് ടെസ്റ്റിംഗ് ലാബ് സ്ഥാപിച്ചു വരുന്നു. 18 ലക്ഷം രൂപ ചെലവ് വരുന്ന തേൻ പരിശോധന ലാബ് ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**മാവേലിക്കര മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം/വകുപ്പ് പദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും**

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക |
|---|---|---|
| 1. | സമഗ്ര നെൽകൃഷി വികസനം | 113263489 |
| 2. | പച്ചക്കറി വികസനം | 39301098 |
| 3. | കേര ഗ്രാമം | 27735481 |
| 4. | വാഴക്കൃഷി | 6143950 |
| 5. | എള്ള് കൃഷി വികസനം | 1456200 |
| 6. | കുരുമുളക് കൃഷി വികസനം | 130000 |
| 7. | ഭാരതീയ പ്രാകൃതിക് കൃഷി പദ്ധതി | 320000 |
| 8. | പൾസസ് ഡെവലപ്മെന്റ് | 180000 |
| 9. | ഇടവിള കൃഷി | 500000 |

| | | |
|---|---|---|
| 10. | ഫാം പ്ലാൻ ഡെവലപ്മെന്റ് | 365620 |
| 11. | ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് | 22500 |
| 12. | ഐ.എഫ്.എസ് | 70000 |
| 13. | തരിശു നില കൃഷി(നെല്ല്, പച്ചക്കറി കൃഷി) | 2816200 |
| 14. | ജൈവകൃഷി വ്യാപനം | 12965 |
| 15. | തെങ്ങ് കൃഷി വികസനം | 1300000 |
| 16. | വെറ്റില കൃഷി | 5360300 |
| 17. | ആത്മ | 670439 |
| 18. | സോയിൽ ഹെൽത്ത് | 29500 |
| 19. | പവർ താരിഫ് | 457618 |
| 20. | സുഗന്ധ വ്യഞ്ജനവിള വ്യാപനം | 2752560 |
| 21. | മാർക്കറ്റ് | 89180 |
| 22. | സി.ഡി.ബി | 555137 |

| | | |
|---|---|---|
| 23. | പുകയില | 440000 |
| 24. | ഫല ഫലവർഗ്ഗ വൃക്ഷങ്ങൾ- വികസനം | 1457692 |
| 25. | പ്രകൃതി ദുരന്തം | 588089 |
| 26. | പബ്ലിക് പാർട്ടിസിപ്പേഷൻ | 48660 |
| 27. | ആർ.കെ.വി.വൈ | 184678 |
| 28. | വിപണി ശാക്തീകരണം | 717273 |
| 29. | വിള ആരോഗ്യ പരിപാലനം | 871828 |
| 30. | ജൈവകൃഷി വ്യാപനം | 12965 |
| 31. | മണ്ണ് ആരോഗ്യ പരിപോഷണം | 5996994 |
| 32. | കിഴങ്ങു പയർവർഗ്ഗ വിള വികസനം | 4841160 |
| 33. | പുഷ്പകൃഷി | 466663 |
| 34. | വന്യമൃഗശല്യം | 783628 |

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ ഹോർട്ടിക്കൾച്ചർ പദ്ധതിയുടെ**

**വിശദാംശങ്ങൾ**

| ക്രമ നം. | നടപ്പാക്കിയ ഘടകത്തിന്റെ പേര് | നമ്പർ, യൂണിറ്റ്, ഏരിയ | ചെലവാക്കിയ തുക |
|---|---|---|---|
| 1. | കുരുമുളക് | 29600 എണ്ണം | 237000 |
| 2. | വാഴ | 7200 എണ്ണം | 100800 |
| 3. | ജാതി | 15 ഹെ. | 320000 |
| 4. | ഇഞ്ചി/മഞ്ഞൾ | 10 ഹെ. | 120000 |
| 5. | വെറ്റില | 5 ഹെ. | 100000 |
| 6. | വിദേശ ഫലങ്ങൾ | 3000 എണ്ണം | 220000 |
| 7. | മണ്ണിര കമ്പോസ്റ്റ് | 6 എണ്ണം | 60000 |
| 8. | പുൽവെട്ടി | 12 എണ്ണം | 120000 |
| 9. | ലൂസ് ഫ്ളവർ | 28 എണ്ണം | 200000 |
| 10. | ഷെയ്ഡ് നെറ്റ് | 664.5 മീറ്റർ | 264897 |
| 11. | സൂക്ഷ്മ ജലസേചനം | 4 എണ്ണം | 135000 |
| 12. | മഴമറ | 1 എണ്ണം | 50000 |
| 13. | പമ്പ്സെറ്റ് | 9 എണ്ണം | 81791 |

| | | | |
|---|---|---|---|
| 14. | ചെറുകിട ക്ഷീര യൂണിറ്റ് | 3 എണ്ണം | 100541 |
| 15. | വൻകിട ക്ഷീര യൂണിറ്റ് | 1 എണ്ണം | 574425 |
| 16. | എസ്.എച്ച് എം– എം.ഐ.ഡി.എച്ച് | 0 | 69.47592 |
| 17. | ആർ.കെ.വി.വൈ | 0 | 0 |
| 18. | പി.എം.കെ.എസ്.വൈ | 0 | 0 |
| 19. | സ്പെഷ്യൽ പാക്കേജ് | 0 | 0 |

**മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ മാർക്കറ്റിങ് പദ്ധതികൾ**

| ക്രമ നം. | മർക്കറ്റിന്റെ പേര് | ചെലവാക്കിയ തുക |
|---|---|---|
| 1. | ആഴ്ച ചന്ത | 35000 |
| 2. | കർഷകന്റെ കട | 300000 |
| 3. | എക്കോഷോപ്പ് | 91561 |
| 4. | കൊപ്രാ ഉണക്ക് യന്ത്രം | 94400 |
| 5. | എ-ഗ്രേഡ് ക്ലസ്റ്റിനുള്ള സപ്പോർട്ട് (ഐശ്വര്യ & ഗ്രാമശ്രീ ഹരിത സംഘം) | 100000 |

| | | |
|---|---|---|
| 6. | നാട്ടു പച്ച (എക്കോഷോപ്പ്) | 200000 |
| 7. | അഗ്രിഗേറ്റർ (കതിർ കെ.എസ്.എസ്) | 10000 |
| 8. | കാർഷിക കർമ്മ സേന(കതിർ) | 130648 |
| 9. | മാർക്കറ്റിംഗ് സ്കീം | 138640 |

**മാവേലിക്കര മണ്ഡലത്തിന്റെ കീഴിലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ എണ്ണം**

| **ക്രമ നം.** | **ഉത്പ്പന്നത്തിന്റെ പേര്** | **ചെലവാക്കിയ തുക** |
|---|---|---|
| 1. | മഞ്ഞൾ | 1549000 |
| 2. | എള്ള് | 150000 |

**മാവേലിക്കര മണ്ഡലത്തിലെ കേരള അഗ്രോ ബ്രാൻഡ് ഉത്പന്നങ്ങളുടെ വിവരങ്ങൾ**

| **ക്രമ നമ്പര്** | **കേരളാഗ്രോ ബ്രാൻഡ് ഉത്പന്നങ്ങൾ** | **ചെലവാക്കിയ തുക** |
|---|---|---|
| 1 | ചക്ക പൊടി | 11500/- |
| 2 | ചക്ക പാസ്ത | |
| 3 | മില്ലറ്റ് - ചക്ക ഉട്ട് കഞ്ഞി മിക്സ് | |

| | | |
|---|---|---|
| | | |
| 4 | മില്ലറ്റ് സൂപ്പ് മിക്സ് | |

**മാവേലിക്കര മണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ**

| ക്രമ നം. | പഞ്ചായത്ത് / പാടശേഖരം | വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | പാലമേൽ – കരിങ്ങാലിൽ ചാല് പുഞ്ച | മോട്ടോർ പമ്പ് സെറ്റ് , ബണ്ട്റോഡ് | 5 കോടി |
| 2 | പാലമേൽ – മറ്റപ്പള്ളി ക്ലസ്റ്റർ | ഫാം റോഡ് , തോടുകളുടെ വശം കെട്ടല് | 3.8 കോടി |
| 3 | താമരക്കുളം & വള്ളികുന്നം – പുഞ്ചവാഴ്ക പുഞ്ച | തോടിന്റെ ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തൽ | 15 ലക്ഷം |